**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1520** **12-02-2025 - ൽ മറുപടിയ്ക്ക്**

**എടച്ചേരി സബ്ബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി സബ്ബ് രജിസ്ട്രേഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ പുറംപോക്ക് ഭൂമി അനുവദിക്കുന്ന വിഷയത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (എ) | എടച്ചേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി എടച്ചേരി വില്ലേജ് പരിധിയിലോ പുറമേരി വില്ലേജിലെ പുറമേരി മുതുവടത്തൂർ കുനിങ്ങാട്, വിലാതപുരം എന്നീ ദേശങ്ങളിലോ തൂണേരി വില്ലേജിലെ പേരോട്, വെള്ളൂർ, കോടഞ്ചേരി , ചാലപ്രം എന്നീ ദേശങ്ങളിലോ ഏറാമല വില്ലേജിലെ മുയിപ്ര, ചോറോട് വില്ലേജിലെ കറിക്കിലാട്, വരിശ്യക്കുനി, വെക്കിലശ്ശേരി എന്നീ ദേശങ്ങളിലോ ഭൂമി ലഭ്യമാണെങ്കിൽ അറിയിക്കുന്നതിനായി എടച്ചേരി സബ് രജിസ്ട്രാർ ആവശ്യപ്പെട്ടതിനെ തുടർന്ന് എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് പരിധിയിലെ സർക്കാർ ഭൂമി ലഭ്യത സംബന്ധിച്ച് എടച്ചേരി, തൂണേരി, പുറമേരി, ഏറാമല, ചോറോട് വില്ലേജ് ഓഫീസർമാർ മുഖേന അന്വേഷണം നടത്തിയതിൽ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമല്ല എന്ന് കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ